കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുഖത്തല ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018 -19

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി7/1185/20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം ജില്ല

തീയതി – 27.02.2021

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുഖത്തല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുഖത്തല ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, കൊല്ലം

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി7/1185/20 തീയതി – 27.02.2021

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 12.11.2018 മുതൽ 30.09.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. മാത്യൂ റോയി കെ. പി. | |
| | | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 05.10.2020 മുതൽ 09.10.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീമതി. മഞ്ജുളാ സാഗർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. മനു കെ നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | | ശ്രീമതി. അനു കെ ആനന്ദ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ. രാജീവ് എസ് | 01.04.18 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ. എം. മനോഹരൻ | 01.04.18 മുതൽ 26.04.18 വരെ |
| | | ശ്രീ. വിമൽ ചന്ദ്രൻ. ആർ | 27.04.18 മുതൽ 23.01.19 വരെ |
| | | ശ്രീ. ജോർജ്ജ് അലോഷ്യസ് | 24.01.19 മുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ശ്രീ. ബിജു വിശ്വം | 01-4-2018മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി. ബ്ലെയ്സി മേരി ബി | 01.04.2018 മുതൽ 31.03.2019വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | | ശ്രീമതി. അംബിക | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | | ഡോ. മോഹൻ | 01.04.2018 മുതൽ 31.10.2018 വരെ |
| | | ഡോ. അനിൽ രാജ് | 01.11.18 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ , സി.എച്ച് സി മയ്യനാട് | | ഡോ. സലില ദേവി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ , സി.എച്ച് സി നെടുമ്പന | | ഡോ. അനീഷ് പി ഐ | 01.04.18 മുതൽ 06.02.18 വരെ |
| | | ഡോ. സുനിതാ ശിവദാസൻ | 07.02.18 മുതൽ 31.03.19 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | | ശ്രീമതി. ഷീബാ ബീവി എ എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | | ശ്രീ. ഓമനക്കുട്ടൻ | 01.04.2018 മുതൽ 04.11.18 വരെ |
| | | ശ്രീമതി. ബീന | 05.11.18 മുതൽ 31.03.19 വരെ |
| വ്യവസായ വികസന ഓഫീസർ | | ശ്രീ. ജോൺ മാത്യു | 01.04.18 മുതൽ 31.03.19 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | | ശ്രീമതി. രാധാമണിയമ്മ | 01.04.18 മുതൽ 31.03.19 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |

| | | |
|---|---|---|
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ട്രൈസ്കൂട്ടർ വിതരണം - പദ്ധതി നടത്തിപ്പിൽ അപാകതകൾ | 1-12 |
| 13 | തരിശു ഭൂമിയിലെ കൃഷി- പദ്ധതി നിർവ്വഹണത്തിന്റെ മതിയായ രേഖകൾ ഹാജരാക്കിയില്ല | 1-13 |
| 14 | വാല്വേഷൻ സർട്ടിഫിക്കറ്റ് പൂർണ്ണമല്ലാതെ സബ്സിഡി നൽകി | 1-14 |
| 15 | കാരിക്കുഴി സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് – സംയുക്ത പ്രോജക്ടില്ലാതെ മയ്യനാട് ഗ്രാമപഞ്ചായത്തിന് 22,20,500/-രൂപ നൽകി. | 1-15 |
| 16 | എെ.എ.വൈ പലിശ തിരിച്ചടവ്-അധികം ചെലവഴിച്ച തുക തിരികെ ഒടുക്കിയിട്ടില്ല. | 1-16 |
| 17 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് –നിലവാരം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചു – ഓഡിറ്റ് നിർദ്ദേശത്തിനെ തുടർന്ന് 7,090/-രൂപ തിരിച്ചടച്ചു | 1-17 |
| 18 | ലൈബ്രറികൾക്ക് ഫർണീച്ചർ വാങ്ങിയതിൽ കസേരകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. | 1-18 |
| 19 | സംയുക്ത പ്രോജക്റ്റുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-19 |
| 20 | എെ.എ.വൈ ലോൺ, മതിയായ രേഖകളില്ലാതെ തുകകൾ അടവാക്കി | 1-20 |
| 21 | രേഖകൾ ഹാജരാക്കാത്തതിനാൽ 19,225/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 22 | പി.എം.എ വൈ (ജി) ഭവന നിർമ്മാണം ഗുണഭോക്താവിന് അധിക തുക നൽകി – 2000 രൂപ നിരാകരിക്കുന്നു. | 1-22 |
| 23 | സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടിയിട്ടില്ല. | 1-23 |
| 24 | വാദ്യോപകരണങ്ങൾ വാങ്ങിയതിൽ ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 1-24 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 25 | ഇല്ല. | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 26 | പി.എം.എ വൈ (ജി) ഭവന നിർമ്മാണം ഗുണഭോക്താവിന് അധികം തുക നൽകി-2,000/-രൂപ നിരാകരിക്കുന്നു. | 3-1 |

| | | |
|---|---|---|
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 27 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 28 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 32 | സ്ഥിര നിക്ഷേപം | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 39 | സംക്ഷിപ്തം | അനുബന്ധം 2 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

28-3-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-5-2019 | 18.05.2019 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29231786/-രൂ |
| വരവ് | 113130176/-രൂ |
| ആകെ | 142361962/-രൂ |
| ചെലവ് | 122829166/-രൂ |
| നീക്കിയിരിപ്പ് | 19532796/-രൂ |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | രൂ | രൂ | രൂ | രൂ | രൂ |
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 46848526 | 46848526 | 46848526 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 25200000 | 25200000 | 25044509 | 155491 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 367000 | 367000 | 367000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5556000 | 5556000 | 5292496 | 263504 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| IAY PLAN FUND | | 16635265 | 7250489 | 23885754 | 22171789 | 1713965 |
| IAY ADMINISTRATION | | 6025 | 293311 | 299336 | 90676 | 208660 |
| VIRTUAL CLASS ROOM | | 119505 | 4371 | 123876 | 0 | 123876 |
| SIGN SHG | | 10739 | 316 | 11055 | 0 | 11055 |
| NIRMAL AWARD | | 5358654 | 217345 | 5575999 | 0 | 5575999 |
| PAIKA | | 24607 | 873 | 25480 | 0 | 25480 |
| HARVESTING MACHINE | | 442771 | 17711 | 460482 | 0 | 460482 |
| MPLADS | | 405176 | 5473499 | 5878675 | 5324923 | 553752 |
| MLASDF | | 134301 | 4914896 | 5049197 | 4909594 | 139603 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 0 | 1300000 | 1300000 | 47657 | 1252343 |
| | ജില്ലാ പഞ്ചായത്ത് | 2298889 | 19148150 | 21447039 | 17261549 | 4185490 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 265040 | 979854 | 1244894 | 186555 | 1058339 |
| | ട്രഷറി അക്കൗണ്ട് | 3528114 | 4006131 | 7534245 | 3175511 | 4358734 |

**സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്താൻ സാധിക്കുന്നില്ല.**

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 88 | 93753236 | 76 | 85582354 | 12 | 0 | 86 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 08.10.2020 ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. അന്നേദിവസം വരവില്ലായിരുന്നു. ക്യാഷ് ബുക്ക്, ക്യാഷ് ചെസ്റ്റ് പ്രകാരം നീക്കിയിരിപ്പില്ല.

1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക്പഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നു.
ആസ്തി രജിസ്റ്ററിൽ എൻജിനീയറിംഗ് വിഭാഗം പ്രവൃത്തികളുടേയും, പർച്ചേസുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഇഷ്യൂ രേഖപ്പെടുത്തുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും വേണ്ട രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ബ്ലോക്ക്പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

ബ്ലോക്കിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്.ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്ക്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി

തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

ബ്ലോക്കിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

നടപ്പാക്കിയ പ്രോജക്ടുകളുടെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിൽ ചുമതലപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റികൾ ശ്രദ്ധ പതിപ്പിക്കുന്നില്ല. കൃഷി, വിദ്യാഭ്യാസ മേഖലകളിൽ നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ കാണുക. (ഖണ്ഡിക.1-13, 1-14)

സംയുക്ത പ്രോജക്ട്, കരാർ എന്നിവയില്ലാതെ മയ്യനാട് ഗ്രാമപഞ്ചായത്തിന് 22,20,500/-രൂപ കൈമാറിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. (ഖണ്ഡിക 1-15)

മരാമത്ത് പ്രവർത്തികളിലെ നിലവാരക്കുറവ്, അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. (ഖണ്ഡിക 1-17 കാണുക)

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2020 | 2018-19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.03.2015 | 2013-14 മുതൽ 2016-17 വരെ | 20.06.2018 |

1-11 വാർഷിക കണക്കിലെ അപാകതകൾ

1. ബാങ്ക് അക്കൗണ്ടുകൾ സാംഖ്യയിൽ റിക്കൺസീലിയേഷൻ നടത്തി സൂക്ഷിക്കുന്നില്ല.

2. ട്രഷറി സ്പെഷ്യൽ റ്റി.എസ്.ബി ജോയിൻറ് വെഞ്ച്വർ അക്കൗണ്ട് നം. 1739 ലെ 31.3.2019 ലെ ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള നീക്കിയിരിപ്പ് 54,37,833/-രൂപയാണ്. എന്നാൽ വാർഷിക കണക്ക പ്രകാരമുള്ള നീക്കിയിരിപ്പ് 52,90,738/- രൂപയാണ്. 23.3.2019 ലെ നീക്കിയിരുപ്പാണ് 52,90,738/- രൂപ. എന്നാൽ 25.3.2019 ൽ വന്ന 1,47,095/-രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന ഹെഡിൽ ഉൾപ്പെടുത്തേണ്ട മെയിൻറനൻസ് ഫണ്ട് നോൺ റോഡ് എന്ന ഇനത്തിൽ 31.3.2019 ൽ വന്ന 18,67,596/- രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന ഹെഡിൽ നിന്നും ഡെബിറ്റ് ചെയ്തിരിക്കുന്നു.

4. 2014-15 മുതൽ 2016-17 വരെയുള്ള ഇ-ടെൻഡർ ഫോമിന് ലഭിച്ച 4,31,901/-രൂപയുടെ വാറ്റ് തുകയായ 51,829/-രൂപ ചെക്ക് നം. 451778/31.12.2018 ൽ സെക്രട്ടറിക്ക് നൽകിയത് Govt. And other dues payable എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ബാങ്ക് അക്കൗണ്ടിൽ തുക വരവ് വന്നിട്ടുണ്ട്.

5. Capital work in progress -ൽ ഉൾപ്പെടുത്തേണ്ട തൃക്കോവിൽവട്ടം അംഗൻവാടി കെട്ടിടനിർമ്മാണം (Proj.No.38) പാർട്ട് ബിൽ തുകയായ 10,51,430/-രൂപയും, ആശാരിപ്പൊയ്ക മുളവറ കുന്ന് റോഡ് (Proj. No. 57) പാർട്ട് ബിൽ തുകയായ 3,77,919/- രൂപയും, സാപ്പ് ഷോപ്പിന്റെ കെട്ടിട നിർമ്മാണത്തിന് (Proj. No. 76) പാർട്ട് ബിൽ തുകയായ 2,20,670/- രൂപയും ഉൾപ്പെടുത്തിയിട്ടില്ല.

6. B-4-ൽ Contribution for joint venture projects (for centrally sponsored scheme) from Block

Panchayath നീക്കിയിരുപ്പായി 9,40,523/- രൂപ കാണിച്ചിരിക്കുന്നത് ബോധ്യപ്പെട്ടിട്ടില്ല.
7. IAY Loan – തുകയ്ക്ക് ലഭിച്ച പലിശയായ 109/- രൂപ RP-32 – ൽ വരവായി രേഖപ്പെടുത്തി ടി തുക ഉൾപ്പെടെയുള്ള തുകയാണ് ബാലൻസ് ഷീറ്റിൽ B-5 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-12 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ട്രൈസ്കൂട്ടർ വിതരണം - പദ്ധതി നടത്തിപ്പിൽ അപാകതകൾ

പദ്ധതി - എസ്.0111/19 - ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ട്രൈസ്കൂട്ടർ വിതരണം

അടങ്കൽ - 7,20,000/-രൂപ (വികസന ഫണ്ട് (ജനറൽ))

ചെലവ് - 3,57,500/-രൂപ (ബിൽ നം.9/18-19, 27.2.2019)

നിർവ്വഹണം – സി.ഡി.പി.ഒ.

2018-19 വർഷം സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ട്രൈസ്കൂട്ടർ (വനിത) എന്ന പദ്ധതിയുടെ നിർവഹണത്തിൽ ചുവടെ പരാമർശിക്കുന്ന അപാകത കണ്ടെത്തി.

പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി. സജീന. എസ്-ന്റെ റേഷൻ കാർഡ് (നം. 1207248912, 15.3.2017), ആധാർ കാർഡ്, ലേണേഴ്സ് ലൈസൻസ് (KL02/0020376/2019, 4.2.2019) രജിസ്ട്രേഷൻ (Transaction No. 21B/KL01185502501819E) എന്നിവയിലെയെല്ലാം വിലാസം ആറ്റുകാൽ പുരയിടം, പുകയില, പണ്ടകശാല, താമരക്കുളം, കൊല്ലം എന്നാണ്. റേഷൻകാർഡിൽ കൊല്ലം കോർപ്പറേഷൻ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താവിന് ട്രൈ സ്കൂട്ടർ നൽകിയത് മയ്യനാട് പഞ്ചായത്തിലെ ധവളക്കുഴി സുനാമി ഫ്ളാറ്റിലെ 7-ാം നമ്പർ വീട്ടിലെ താമസക്കാരി എന്ന നിലയ്ക്കാണ്. മയ്യനാട് ഗ്രാമ പഞ്ചായത്തിലെ കെട്ടിട കൈവശാവകാശ സർട്ടിഫിക്കറ്റ്, വാർഡ് മെമ്പറുടെ സാക്ഷ്യപത്രം ഇവ ആധാരമാക്കിയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഈ വിഷയം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇവർ മയ്യനാട് ഗ്രാമപഞ്ചായത്തിലെ താമസക്കാരി എന്ന നിലക്കാണ് ആനുകൂല്യം നൽകിയതെന്ന് പറയുന്നു. എന്നാൽ ഇവർക്ക് കൊല്ലം കോർപ്പറേഷനിൽ നിന്നും ഇതേ ആനുകൂല്യം ഏതെങ്കിലും സാമ്പത്തിക വർഷം ലഭ്യമാക്കിയിട്ടില്ലായെന്നതിന് യാതൊരു രേഖയും ഹാജരാക്കിയില്ല. 2017 വർഷം ലഭ്യമാക്കിയ റേഷൻ കാർഡ്, 2019 വർഷം ലഭ്യമാക്കിയ ലേണേഴ്സ് ലൈസൻസ്, 2019 വർഷം ലഭിച്ച വാഹന രജിസ്ട്രേഷൻ, ആധാർ എന്നിവയിലെല്ലാം കൊല്ലം കോർപ്പറേഷനിലെ മേൽവിലാസമായതിനാൽ ഗുണഭോക്താവായ ശ്രീമതി. സജീന. എസ് നിലവിൽ മയ്യനാട് പഞ്ചായത്തിലെ താമസക്കാരിയാണെന്നതിന് ആധികാരികമായ തെളിവുകൾ യാതൊന്നും സമർപ്പിച്ച് ബോധ്യപ്പെടുത്താൻ നിർവ്വഹണാധികാരിക്ക് സാധിച്ചിട്ടില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ ഗുണഭോക്താവായ ശ്രീമതി. സജീന. എസ്-നു നൽകിയ ഒരു ട്രൈസ്കൂട്ടറിൻെറ വിലയായ 71,500/- രൂപയുടെ (357500/5=71500) ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. 3/8.10.2020

1-13 തരിശു ഭൂമിയിലെ കൃഷി- പദ്ധതി നിർവ്വഹണത്തിൻെറ മതിയായ രേഖകൾ ഹാജരാക്കിയില്ല

പദ്ധതി - എസ്.0080/19- തരിശു ഭൂമിയിലെ കൃഷി

അടങ്കൽ - 2,76,500/-രൂപ (വികസന ഫണ്ട്)

ചെലവ് - 2,76,500/-രൂപ ( ബിൽ നം.3/18-19, 22.10.2018, തുക - 2,50,000/-രൂപ

ബിൽ നം. 6/18-19, 24.1.2019, തുക - 26,500/-രൂപ)

നിർവ്വഹണം – അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ.

2018-19 വർഷം അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ നിർവ്വഹണം നടത്തിയ എസ്.0080/19- തരിശ്ഭൂമിയിലെ കൃഷി എന്ന പദ്ധതിയിൽ 2,50,000/- രൂപ (ബിൽ നം. 3/18-19, 22.10.2018) തൃക്കോവിൽ വട്ടം ഗ്രാമ പഞ്ചായത്തിലെ സുധാകരൻ, വെട്ടിലത്താഴം രണ്ടാം പാടശേഖര സമിതി എന്നയാളുടെ അക്കൗണ്ടിലേക്ക് നെൽകൃഷിയ്ക്കായും 26,500/- രൂപയിൽ (ബിൽ നം.6/2018-19, 24.1.2019) മയ്യനാട് ഗ്രാമപഞ്ചായത്തിലെ ബ്രദേഴ്സ് പുരുഷ സഹായ സംഘം (12,000/-രൂപ), കുടുംബശ്രീ ഗ്രൂപ്പുകളായ ദീപം (5000/-രൂപ), ഐശ്വര്യ (6,500/-രൂപ), പുലരി (3000/-രൂപ) എന്നിവയുടെ അക്കൗണ്ടിലേക്ക് പച്ചക്കറി കൃഷിയ്ക്കായും ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തരിശു ഭൂമിയിൽ നെൽകൃഷി, പച്ചക്കറി കൃഷി എന്നിവ ചെയ്തതിൻെറ രേഖകൾ യാതൊന്നും ഫയലിൽ നിന്നും ലഭ്യമായില്ല. രേഖകൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുക ഓരോ ഗുണഭോക്താവിന്റേയും അക്കൗണ്ടിലേക്ക് നൽകിയ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. വെട്ടിലത്താഴം രണ്ടാം പാടശേഖര സമിതി 10 ഹെക്ടർ സ്ഥലത്ത് തരിശുകൃഷി നടത്തിയെന്ന് എ.ഡി.എ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന് ഉപോത്ബലകമായ രേഖകൾ, സർവ്വേ നം. / പറ്റ് ചീട്ട്, 18-19 വർഷത്തെ സമഗ്ര നെൽകൃഷിയുടെ വിവരങ്ങൾ ഇവ യാതൊന്നും ഫയലിൽ ലഭ്യമല്ല. കർഷകൻ, ഭൂവുടമ എന്നിവർ എത്ര തുക കൈപ്പറ്റി, യന്ത്രങ്ങളുടെ വാടക, നിലം ഒരുക്കൽ, വിത്ത് വിതയ്ക്കൽ, വളം എന്നിവ സംബന്ധിയായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മയ്യനാട് ഗ്രാമപഞ്ചായത്തിലെ 4 കുടുംബശ്രീ യൂണിറ്റുകളും പച്ചക്കറി കൃഷിയ്ക്കായി തുക കൈപ്പറ്റിയെങ്കിലും കൃഷി ചെയ്തതിന്റേയും വിപണനം നടത്തിയതിന്റേയും രേഖകൾ യാതൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പദ്ധതിയുടെ പ്രയോജനം എത്രത്തോളം ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെന്ന വിവരം അവ്യക്തമാണ്. തുടർ നിരീക്ഷണം നടത്തിയിട്ടില്ലായെന്നും ഓഡിറ്റ് വിലയിരുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെയും വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു. മേൽ വിവരിച്ച കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 2,76,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തുക തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4- 8.10.2020
തടസ്സപ്പെടുത്തിയ തുക - 2,76,500/-രൂപ

1-14 വാല്വേഷൻ സർട്ടിഫിക്കറ്റ് പൂർണ്ണമല്ലാതെ സബ്സിഡി നൽകി

പദ്ധതി - എസ്.ഒ.0023/19-+1 തലം മുതൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ - 1,00,00000/-രൂപ (വികസനഫണ്ട് - എസ്.സി.പി)

ചെലവ് - 1,00,00000/-രൂപ

നിർവ്വഹണം - പട്ടിക ജാതി വികസന ഓഫീസർ

2018-19 വർഷം നിർവ്വഹണം നടത്തിയ SO.0023/19 - +1 തലം മുതൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിൽ കൊറ്റങ്കര, ഇളമ്പള്ളൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ പഠനമുറി സംബന്ധിച്ച് എൽ.എസ്.ജി.ഡി എ.ഇ സാക്ഷ്യപ്പെടുത്തിയ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, ഫൈനൽ വാല്വേഷൻ എന്നിവ ഫയലിൽ ലഭ്യമല്ല. ഓരോ പഠന മുറിക്കും രണ്ടു ലക്ഷത്തിൽ അധികമായി തുക ചെലവു വന്നുവെന്ന ഓവർസീയറുടെ/എ.ഇ യുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പഠനമുറിയുടെ പ്ലാൻ പോലും ലഭ്യമാക്കിയിട്ടില്ല. ഈ രണ്ട് പഞ്ചായത്തിലുമായി 10 വീതം ഗുണഭോക്താക്കൾക്കായി ആകെ 40,00,000/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. (ഒരു ഗുണഭോക്താവിന് 2,00,000/രൂപ വീതം 20 ഗുണഭോക്താക്കൾക്ക്) മറ്റ് മൂന്ന് ഗ്രാമ പഞ്ചായത്തുകളും (മയ്യനാട്, നെടുമ്പന, തൃക്കോവിൽവട്ടം) ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, ഫൈനൽ വാല്വേഷൻ എന്നിവ ഹാജരാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകുകയുമാണ് ചെയ്തത്. അപാകതകൾ പരിഹരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണമുൾപ്പെടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/8.10.2020

1-15 കാരിക്കുഴി സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് - സംയുക്ത പ്രോജക്റ്റില്ലാതെ മയ്യനാട് ഗ്രാമപഞ്ചായത്തിന് 22,20,500/-രൂപ നൽകി.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മയ്യനാട് ഗ്രാമപഞ്ചായത്തിലെ കാരിക്കുഴി സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിന് അധിക വിഹിതം നൽകൽ പ്രോജക്റ്റിൽ (നം. 128/19) വികസന ഫണ്ടിൽ നിന്നും ബിൽ നം. 59/20.03.19 പ്രകാരം 22,20,500/- രൂപ മയ്യനാട് ഗ്രാമപഞ്ചായത്തിന്റെ സംയുക്ത അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം. 79901140000 2979) 2018-19 വർഷം നൽകിയിട്ടുണ്ട്.
2018-19 വർഷത്തിൽ കാരിക്കുഴി സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിന് വേണ്ടി മയ്യനാട് ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് വെച്ചിട്ടില്ല.

22.02.19-ലെ നോട്ട്ഫയലിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ ഇല്ലാതെ തന്നെ പദ്ധതിയുടെ വേഗത്തിലുള്ള നടത്തിപ്പിനായി 22,20,500/-രൂപ നൽകാമെന്ന് സെക്രട്ടറിയുടെ അംഗീകാരത്തോടുകൂടി മയ്യനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകുകയായിരുന്നു. എന്നാൽ മയ്യനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.02.19-ലെ അനക്സർ സി -111 റിക്വസ്റ്റിൽ സുനാമി ഫ്ലാറ്റിലെ സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിന് 22,20,500/-രൂപ നൽകണമെന്ന് മാത്രമാണുണ്ടായിരുന്നത്. മയ്യനാട് ഗ്രാമപഞ്ചായത്തിലെ ഏത് സുനാമി ഫ്ലാറ്റിനാണെന്നോ, പ്രോജക്റ്റിന്റെ നമ്പറോ, DPC അംഗീകരിച്ച വിവരമോ രേഖപ്പെടുത്തിയിട്ടില്ല.

2018-19-ൽ മയ്യനാട് ഗ്രാമപഞ്ചായത്തിന് സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റുമായി ബന്ധപ്പെട്ട് DPC അംഗീകരിച്ച പ്രോജക്റ്റില്ലാതെ 22,20,500/-രൂപ നൽകിയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് 2019-20 വർഷത്തിലെ വലിയവിള സുനാമി ഫ്ലാറ്റിന്റെ സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിന്റെ പ്രോജക്റ്റാണ് (S0100/20) ഹാജരാക്കിയിട്ടുള്ളത്. മയ്യനാട് ഗ്രാമപഞ്ചായത്തിൽ 3 സുനാമി ഫ്ലാറ്റുകളാണുള്ളത്. ബ്ളോക്കിൽ നിന്നും കാരിക്കുഴി സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിനാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ മയ്യനാട് ഗ്രാമപഞ്ചായത്ത് വലിയവിള സുനാമി ഫ്ലാറ്റിന്റെ സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിനായിട്ടാണ് 2019-20-ൽ പ്രോജക്റ്റ് വെച്ചിട്ടുള്ളത്. സംയുക്ത പ്രോജക്റ്റിൽ ഏർപ്പെടുന്ന തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടണമെന്നും, മുഖ്യ പങ്കാളിയാകുന്ന സ്ഥാപനം വിശദമായ പ്രോജക്റ്റ് തയ്യാറാക്കണമെന്നുമാണ് സഉ(കൈ)നം.11/2018.ത.സ്വ.ഭ.വ. തീ.29.01.18-ൽ പറയുന്നത്. കൂടാതെ സർക്കാർ ഉത്തരവ് നം ജി.ഒ.പി.07/2017 തീയതി. 23.01.2017 പ്രകാരം

ചെലവഴിക്കാത്ത തുകകൾ തൻ വർഷം തന്നെ തിരികെ സർക്കാരിലേയ്ക്ക് ഒടുക്കണമെന്നാണ്. എന്നാൽ മയ്യനാട് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയോ, 2018-19 വർഷം വിശദമായ പ്രോജക്ട് മയ്യനാട് ഗ്രാമപഞ്ചായത്തു തയ്യാറാക്കുകയോ ചെയ്തിട്ടില്ല വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവഴിക്കാത്ത തുകകൾ സംബന്ധിച്ച വിവരം ലഭ്യമല്ല. സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിന്റെ ഡിപിആർ, ശുചിത്വമിഷനിൽ നിന്നുള്ള സാങ്കേതികാനുമതി റിപ്പോർട്ട്, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ മയ്യനാട് ഗ്രാമപഞ്ചായത്തിന് നൽകിയ 22,20,500/-രൂപയുടെ ചെലവ് തടസ്സത്തിൽവെയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 02/08/10/2020

തടസ്സത്തിൽവെയ്ക്കുന്ന തുക. 22,20,500/- രൂപ

1-16 ഐ.എ.വൈ പലിശ തിരിച്ചടവ് - അധികം ചെലവഴിച്ച തുക തിരികെ ഒടുക്കിയിട്ടില്ല.

പഴങ്ങാലം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, മയ്യനാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, മയ്യനാട് റീജിയണൽ ബാങ്ക്, ഡീസന്റ് ജംഗ്ഷൻ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് എന്നീ ബാങ്കുകളിൽ നിന്നെടുത്ത ഐ.എ.വൈ. ലോണിന്റെ പലിശ തിരിച്ചടവ് പ്രോജക്ടിൽ (നം. 6/19) പഴങ്ങാലം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് (030061201700111) ബിൽ നം : 33/01.09.2018 (വികസന ഫണ്ട്) പ്രകാരം 5,00,000/- രൂപ മേൽ പറഞ്ഞ ബാങ്കുകൾക്ക് ആർ.ടി.ജി.എസ് ചെയ്തിട്ടുണ്ട്. ഇതിൽ പഴങ്ങാലം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന് 39,662/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പഴങ്ങാലം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ ലോൺ രജിസ്റ്റർ പ്രകാരം ലോൺ തുക പൂർണ്ണമായും ഒടുക്കി അവസാനിപ്പിച്ചിട്ടുള്ളതും, 39,662/- രൂപ ബാങ്കിന് ഒടുക്കേണ്ടതല്ലാത്ത തുകയുമാണ്, കൂടാതെ ബാങ്കിന്റെ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത തുക വന്നതായി രേഖപ്പെടുത്തലുകൾ കാണുന്നില്ല. 39,662/- രൂപ തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിയ്ക്ക് 13.07.20-ൽ നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ അക്കൗണ്ടിൽ തുക വന്നതിന്റെ ലെഡ്ജർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വികസന ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക തിരികെ ഒടുക്കാതെ നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ അക്കൗണ്ടിൽ (40615100001430) സൂക്ഷിച്ചിരിക്കുകയാണ്. അധികം ചെലവഴിച്ച തുക തിരികെ കൺസോളിഡിറ്റേഡ് അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ചെലവ് 39,662/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. തുക തിരികെ കൺസോളിഡിറ്റേഡ് അക്കൗണ്ടിലേയ്ക്ക് ഒടുക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സത്തിൽ വെയ്ക്കുന്ന തുക : 39,662/-രൂപ

എൻക്വയറി നം : 02/08.10.20

1-17 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് –നിലവാരം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചു – ഓഡിറ്റ് നിർദ്ദേശത്തിനെ തുടർന്ന് 7,090/-രൂപ തിരിച്ചടച്ചു.

പ്രോജക്ട് നം. 116/2019

അടങ്കൽ തുക – 3,00,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം)

ടി.എസ്. നം. 90521/19 തീ. 30.09.18

എഗ്രിമെന്റ് നം. 34/A.E./lsgd/18-19 തീ. 19.02.19

കരാറുകാരൻ : ശ്രീ. പ്രദീപ്, ഉഷാ മന്ദിരം, തട്ടാർകോണം

എം.ബുക്ക്.നം. 31/18

ബിൽ നം. 47/18-19 – 27.03.19

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് നടത്തിയതിന് 2,43,824/-രൂപ ചെലവഴിച്ചതിൽ എസ്റ്റിമേറ്റിലെ ഇനം 20 പ്രകാരം " providing and fixing .35mm thick tile profile/Trafford sheet etc" 48.389 m2 പ്രവൃത്തിയ്ക്ക്, 591.77/m2 രൂപ നിരക്കിൽ 28,635.16 രൂപ ചെലവഴിച്ചു. എന്നാൽ 9.10.2020 -ന് അസി. എൻജിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ .28 mm thick profile/Trafford sheet ആണ് ഉപയോഗിച്ചതെന്ന് ബോധ്യപ്പെട്ടു. ടി ഷീറ്റിന്റെ മാർക്കറ്റ് റേറ്റ് m2–ന് 260/-രൂപയാണ്. അതിനാൽ മറ്റിനങ്ങൾ ഉൾപ്പെടെ ആകെ നിരക്ക് 445.24/-രൂപ m2 -ന് അനുവദനീയമാണ്. നടപ്പിലാക്കിയ 48.389- m2 പ്രവൃത്തിയ്ക്ക് 21,545/- രൂപ മാത്രമേ കരാറുകാരന് അർഹതയുള്ളൂ. കരാറുകാരന് അധിക നൽകിയത് 7,090/-രൂപ.

നിലവാരമില്ലാത്ത Trafford sheet ഉപയോഗിച്ചതിനും കൂടിയ ഷീറ്റിന്റെ വില അനുവദിച്ചതിനും വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പിശക് ഉണ്ടായതായും പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന ഓവർസീയർ ശ്രീമതി റീനാ പി കോശി ഇതിൽ വീഴ്ച വരുത്തിയതായും അറിയിച്ചിട്ടുണ്ട്.

അളവ് പുസ്തകത്തിൽ പ്രസ്തുത പ്രവൃത്തിയുടെ സൂപ്പർവിഷൻ നടത്തിയ ഓവർസീയറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. മേൽനോട്ട ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുടർന്ന് നടപ്പാക്കുന്ന പ്രവൃത്തികളിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

കരാറുകാരന് അധികം നൽകിയ 7,090/- രൂപ 12.10.2020 –ന് കൊല്ലം ജില്ലാ ട്രഷറിയിൽ ചെലാൻ നം. KL009954569202021M മുഖേന അടവാക്കി രസീത് ഹാജരാക്കി.

ഓഡിറ്റ് എൻക്വയറി നം. 10/09.10.2020

1-18 ലൈബ്രറികൾക്ക് ഫർണീച്ചർ വാങ്ങിയതിൽ കസേരകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

ബിൽനം:70/19.03.19 :1,99,957/-രൂപ (വികസന ഫണ്ട്)

സെക്രട്ടറി നിർവ്വഹണം നടത്തിയ ലൈബ്രറികൾക്ക് ഫർണീച്ചർ വാങ്ങൽ പ്രോജക്റ്റിൽ (14/18) 10 ഗ്രന്ഥശാലകൾക്ക് വിതരണം ചെയ്യാനായി ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്നും 9 സ്റ്റീൽ അലമാരയും, 9 സ്റ്റീൽ റാക്കും, 24 സ്റ്റീൽ കസേരകളുമാണ് വാങ്ങിയിട്ടുള്ളത്. ഇതിൽ 9 സ്റ്റീൽ അലമാരയും, 9 സ്റ്റീൽ റാക്കും 9 ഗ്രന്ഥശാലകൾക്കായി വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രജിസ്റ്ററിൽ ലഭ്യമാണ്. എന്നാൽ 24 സ്റ്റീൽ കസേരകൾ വിതരണം ചെയ്ത രജിസ്റ്ററിൽ 4 സ്റ്റീൽ കസേരകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീത് പ്രകാരം വ്യാസൻ ഗ്രന്ഥശാലയ്ക്ക് 20 കസേരകൾ മാത്രമാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ആർട്ട്കോയുടെ ഇൻവോയിസ് നം. 92/28.12.2018 -പ്രകാരം ഒരു സ്റ്റീൽ കസേരയ്ക്ക് 2,859/-രൂപ നിരക്കിൽ 11,436/-രൂപ (2,859 x 4) തടസ്സത്തിൽ വെയ്ക്കുന്നു. 4 സ്റ്റീൽ കസേരകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

തടസ്സത്തിൽ വെയ്ക്കുന്ന തുക : 11,436/- രൂപ

ഓഡിറ്റ് എൻക്വയറി നം. : 8/9.10.20

1-19 സംയുക്ത പ്രോജക്റ്റുകൾ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

താഴെ പറയുന്ന സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി സെക്രട്ടറി, അസി. എഞ്ചിനീയർ എൽ.എസ്.ജി.ഡി. നിർവ്വഹണം നടത്തി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകകൾക്കുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം. | ചെലവഴിച്ച തുക, ഫണ്ട് വിവരം (രൂപ) | ധന വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ട ഗ്രാമപഞ്ചായത്ത്, തുക, ബിൽ നം./തീയതി |
|---|---|---|---|
| 1 | തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത് – പകൽ വീട് നിർമ്മാണം – 13/19 | 1000000/- വികസനഫണ്ട് | തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത് - ബിൽ നം. 3/11.07.18, തുക - 1000000/- |
| 2 | തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത് – ബഡസ് സ്കൂൾ നിർമ്മാണം – | 553230/- വികസനഫണ്ട് | തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത്- ബിൽ നം. 15/11.07.18, തുക – 553230/- |
| 3 | ലൈഫ് പദ്ധതി-എസ് സി പി | 9469192/- എസ് സി പി ഫണ്ട് | 22/11.07.18- 1036607/- (ഇളമ്പള്ളൂർ), 530357/- (കൊറ്റങ്കര)<br>25/16.08.19- 1216647/- (നെടുമ്പന) 479794/- (ഇളമ്പള്ളൂർ)<br>846363/- (തൃക്കോവിൽവട്ടം)<br>39/29.10.18-356204/- (ഇളമ്പള്ളൂർ), 181022/-(കൊറ്റങ്കര),<br>51/19.12.18- 82803/- (ഇളമ്പള്ളൂർ), 42080/- (കൊറ്റങ്കര),<br>61084/- (തൃക്കോവിൽവട്ടം)<br>67/19.03.19 - 300000/- (തൃക്കോവിൽവട്ടം)<br>77/23.03.19- 43000/- (തൃക്കോവിൽവട്ടം) |
| 4 | ലൈഫ് പദ്ധതി-ജനറൽ | 13915525/- വികസനഫണ്ട് | 15/11.07.18-1040601/-(മയ്യനാട്),<br>1448109/-(ഇളമ്പള്ളൂർ)<br>200000/-(കൊറ്റങ്കര)<br>31/22.02.19<br>52984/-(മയ്യനാട്)<br>770207/-(ഇളമ്പള്ളൂർ)<br>541194/-(കൊറ്റങ്കര)<br>842528/-(തൃക്കോവിൽവട്ടം)<br>38/29.10.18<br>115308/-(മയ്യനാട്)<br>226730/-(ഇളമ്പള്ളൂർ) |

| | | | |
|---|---|---|---|
| | | | 251346/-(തൃക്കോവിൽവട്ടം) |
| 5 | സിദ്ധാർത്ഥ സെൻട്രൽ സ്കൂൾ<br>കണക്കാരൻ റോഡ് – 45/2019 | 3,00,000/- വികസന ഫണ്ട് | 300000/- നെടുമ്പന ഗ്രാമ പഞ്ചായത്ത്-, 5/19, 28.7.2018 |
| ആകെ | | | 1,25,18,198/-രൂപ |

സർക്കാർ ഉത്തരവ് നം ജി.ഒ.(പി)07/2017 തീയതി.23.01.2017 പ്രകാരം ചെലവഴിക്കാത്ത തുകകൾ തിരികെ സർക്കാരിലേയ്ക്ക് ഒടുക്കണമെന്നാണ്. എന്നാൽ ചെലവഴിക്കാത്ത തുകകൾ സംബന്ധിച്ച വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ധന വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത മേൽ പറഞ്ഞ പ്രോജക്ടുകൾക്കായി നൽകിയ 1,25,18,198/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സത്തിൽ വെയ്ക്കുന്ന തുക. 1,25,18,198/- രൂപ

ഓഡിറ്റ് എൻക്വയറി നം. 12/12.10.2020, 8/9.10.20

1-20 എെ.എ.വൈ ലോൺ - മതിയായ രേഖകളില്ലാതെ തുകകൾ അടവാക്കി.

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. – 6/19, 93/19, 122/19 എന്നീ 3 പ്രോജക്ടുകൾ പ്രകാരം എെ.എ.വൈ വീടുകളുടെ നിർമ്മാണത്തിനായി വിവിധ ബാങ്കുകളിൽ നിന്നായി ലോൺ എടുത്തതിന്റെ മുതൽ, പലിശ എന്നിവ 2018-19 വർഷം തിരികെ ഒടുക്കിയിട്ടുണ്ട്. വിവരം താഴെ പറയുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര് | ബിൽ നം./തീയതി, തുക (രൂപ) | തുക നൽകിയ ബാങ്കുകളുടെ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 6/19,എെ.എ.വൈ , പലിശ തിരിച്ചടവ് | 33/01.09.18,<br>5,00,000/-<br>വികസന ഫണ്ട് | പഴങ്ങാലം<br>സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്-39,662/-<br>മയ്യനാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്-90,605/-<br>മയ്യനാട്<br>റീജിയണൽ കോപ്പറേറ്റീവ് ബാങ്ക്-93,946/-<br>ഡീസ്ൻ്റ്മൂക്ക് കോപ്പറേറ്റീവ് ബാങ്ക്-2,75,787/- | 39,662/-<br>പഴങ്ങാലം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ അധികമായി ഒടുക്കിയത് ബാങ്ക് തിരികെ ഒടുക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2 | 93/19പഴങ്ങാലം<br>സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്-ലോൺ ,പലിശ തിരിച്ചടവ് | 2/09.05.18<br>15,83,134/-<br>വികസന ഫണ്ട് | പഴങ്ങാലം<br>സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്-15,83,134/- | |
| 3 | 122/19 സർവ്വീസ് കോപ്പറേറ്റീവ് ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള ലോൺ തിരിച്ചടവ് | 64/19.03.19-12,50,945/-<br>56/11.01.19-14,07,000/-<br>വികസന ഫണ്ട് | മയ്യനാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്-12,24,145/-<br>മയ്യനാട്<br>റീജിയണൽ കോപ്പറേറ്റീവ് ബാങ്ക്-26,800/-<br>പഴങ്ങാലം<br>സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്-5,31,265/-<br>മയ്യനാട്<br>റീജിയണൽ കോപ്പറേറ്റീവ് ബാങ്ക്-8,75,735/- | |

പഴങ്ങാലം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന് അധികം 39,662/- രൂപ നൽകുകയും ആയത് ബാങ്ക് തിരിച്ച് ഒടുക്കിയിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച് ഹാജരാക്കിയ ബാങ്കിന്റെ ലോൺ സ്റ്റേറ്റ്മെന്റിൽ 11.01.2019-ൽ ലോൺ ക്ളോസ് ചെയ്തതായി കാണുന്നു. ഇതിൽ 31.07.2018-ൽ ലോൺ തുകയായി 1,56,135/- രൂപയും, പലിശയായി 6,945/- രൂപയും ഒടുക്കിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ ടി തുകകൾ പ്രോജക്ട് പ്രകാരമല്ല ഒടുക്കിയിട്ടുള്ളത്. കൂടാതെ ലോൺ രജിസ്റ്റർ അപൂർണ്ണവുമാണ്. ആയതിനാൽ പഴങ്ങാലം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന് നൽകിയ ലോൺ തുകകളുടെ ആധികാരികത ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

കൂടാതെ മയ്യനാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, മയ്യനാട് റീജിയണൽ കോപ്പറേറ്റീവ് ബാങ്ക്, ഡീസെന്റ്മുക്ക് കോപ്പറേറ്റീവ് ബാങ്ക് എന്നീ ബാങ്കുകളുടെ ലോൺ രജിസറ്ററുകൾ അപൂർണ്ണമാണ്. ടി ബാങ്കുകളിൽ നിന്നുള്ള ലോൺ കുടിശ്ശിക സംബന്ധമായ കൃത്യമായ വിവരങ്ങളുടെ അഭാവത്തിലാണ് തുകകൾ നൽകിയിട്ടുള്ളത്. ആയതിനാൽ ടി ബാങ്കുകളിൽ നിന്നും നാളിതുവരെ ബാങ്കിന് ലഭിക്കേണ്ടതും, ലഭിച്ചതുമായ ലോൺതുകകളുടെയും, പലിശയുടെയും, ലോൺ ക്ളോസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെയും അസ്സൽ രേഖകൾ ബന്ധപ്പെട്ട ബാങ്ക് അധികാരികൾ സാക്ഷ്യപ്പെടുത്തിയത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ലോൺ തുകകളുടെ അടവിനായി നൽകിയ തുകയുടെ ആധികാരികത ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ മൂന്ന് പ്രോജക്ടുകൾക്കുമായി നൽകിയ 47,01,417/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 12/12/10/2020

തടസ്സത്തിൽവെയ്ക്കുന്ന തുക. 47,01,417/-രൂപ

1-21 രേഖകൾ ഹാജരാക്കാത്തതിനാൽ 19,225/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2018-19 വർഷത്തെ വൗച്ചർ പരിശോധനയിൽ ചുവടെ പരാമർശിക്കുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവിനാധാരമായ രേഖകൾ ഓഡിറ്റ് എൻക്വയറി നൽകിയിട്ടും പരിശോധനക്കു ലഭ്യമാക്കിയില്ല. അതിനാൽ 19,225/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക (രൂ) | റിമാർക്സ് |
|---|---|---|---|
| 1. | 21800578/22.1.2019 | 13,800/- | 2019-20 വാർഷിക പദ്ധതി രേഖ 150 കോപ്പി പ്രിൻറ് ചെയ്തതിന് സുശീലൻ. കെ, നിത്യാസ് ഓഫ് സെറ്റ് പ്രിന്റേഴ്സ് (ബിൽ നം. 408) എന്ന വ്യക്തിക്ക് സ്പെഷ്യൽ റ്റി.എസ്.പി അക്കൗണ്ടിൽ നിന്നും തുക മാറി നൽകുന്നതായി വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. |
| 2. | 21800579/22.1.2019 | 5,425/- | 2019-20 വാർഷിക പദ്ധതി രേഖ 50 കോപ്പി പ്രിൻറ് ചെയ്തതിന് സുശീലൻ. കെ, നിത്യാസ് ഓഫ് സെറ്റ് പ്രിന്റേഴ്സ് (ബിൽ നം. 408) എന്ന വ്യക്തിക്ക് സ്പെഷ്യൽ റ്റി.എസ്.പി അക്കൗണ്ടിൽ നിന്നും തുക മാറി നൽകുന്നതായി വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. |

മേൽ പരാമർശിച്ച ചെലവുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/ 12.10.2020
തടസ്സപ്പെടുത്തിയ തുക – 19,225/-

1-22 പി.എം.എ വൈ (ജി) ഭവന നിർമ്മാണം ഗുണഭോക്താവിന് അധിക തുക നൽകി - 2000/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. 91/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെക്ക് നം. 127/19.4.2018

ശ്രീമതി ഷൈനി പൊന്നമ്മ, കൊല്ലവിള വടക്കതിൽ, ഇളമ്പള്ളൂർ എന്ന പി.എം.എ.വൈ (ജി) ഭവന നിർമ്മാണ ഗുണഭോക്താവിന് ബ്ലോക്ക് സെക്രട്ടറിയുടെ 19.4.2018 ലെ എ2/1196/2017 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50,000/-രൂപ രണ്ടാം ഗഡുവായി, ചെക്ക് നം. 0127 മുഖേന 19.4.2018ന് അനുവദിച്ചു.

ഗുണഭോക്താവിന്റെ അപേക്ഷ, സ്റ്റേജ് സർട്ടിഫിക്കറ്റ്, ഹൗസിംഗ് ഓഫീസറുടെ ശുപാർശ, ഗുണഭോക്താവിന്റെ കൈപ്പറ്റ് രസീത് എന്നിവയിൽ 48,000/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കേരള ഗ്രാമീൺ ബാങ്കിന്റെ കണ്ണനല്ലൂർ ശാഖാ മാനേജരുടെ 09.02.2021 ലെ സാക്ഷ്യപത്രത്തിൽ 50,000/- രൂപ Utr no. KLGBH18113892503/23.04.2018 പ്രകാരം ടിയാരിയുടെ അക്കൗണ്ടിലേക്ക് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഗുണഭോക്താവിന് ആകെ അർഹമായ 3,84,000/- രൂപയ്ക്ക് പകരം 3,86,000/-രൂപ അനുവദിച്ചു നൽകി. 2,000/-രൂപ അധികം നൽകി. അധികം നൽകിയ 2,000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക

ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കി രേഖ ഹാജരാക്കേണ്ടതാണ്.

1-23 സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1, ആർട്ടിക്കിൾ 282 പ്രകാരം കാലഹരണപ്പെട്ട സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ കരാറുകാരിൽ നിന്നും വിവിധ പ്രവർത്തികൾക്കായി ഈടാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ കാലാവധി (3 വർഷം) കഴിഞ്ഞിട്ടും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | തുക | എഫ്.ഡി നം./തീയതി |
|---|---|---|---|
| 1 | ശ്രീ. എസ് പ്രദീപ് | 25000 | 67238091333/08.08.2013 |
| | | 25000 | 67238091015/08.08.2013 |
| 2 | ശ്രീ. അനിൽ കുമാർ | 25000 | G 185191/20.08.2013 |
| | | 6700 | H 391112/20.07.2015 |
| 3 | ശ്രീ. അപ്പുക്കുട്ടൻപിള്ള | 25000 | C793990/23.08.2013 |
| 4 | ശ്രീ. സന്തോഷ് കുമാർ റ്റി | 12500 | JJ 158699/18.08.2015 |
| | | 12500 | 67333654119/18.08.15 |
| | | 12500 | JJ158693/18.08.15 |
| | | 12500 | 67333654255/18.8.15 |
| 5 | ശ്രീ. നസറുദ്ദീൻ | 20000 | AA044615/20.12.2016 |
| | | 5000 | 0815069/13.12.2016 |
| 6 | ശ്രീ. അനു ബാബു | 11000 | 037832/22.12.2016 |
| | | 11000 | 67385340561/21.12.2016 |
| | | 13000 | 67385338942/21.12.2016 |

മേൽതുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 വാദ്യോപകരണങ്ങൾ വാങ്ങിയതിൽ ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

പട്ടിക ജാതി വികസന ഓഫീസർ 2017-18 വർഷം നിർവഹണം നടത്തിയ എസ്.0104/2018- പട്ടിക ജാതി യുവാക്കൾക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമായി 37,500/- രൂപയാണ് (5%) ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും 37,500/-രൂപ പിരിച്ചെടുത്തുവെങ്കിലും ഈ തുക ചെലവഴിക്കാതെ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചുകൊണ്ട് വികസനഫണ്ടിൽ നിന്നും മൊത്തം തുകയും പിൻവലിച്ച് പദ്ധതി നടപ്പാക്കുകയാണ് ചെയ്തത്. ചെലവഴിക്കാതെ തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഗുണഭോക്തൃ വിഹിതമായ 37,500/-രൂപ പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 പ്രത്യേക പരാമർശമില്ല.

.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പി.എം.എ.വൈ. (ജി) ഭവന നിർമ്മാണം ഗുണഭോക്താവിന് അധികം തുക നൽകി - 2,000/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. 91/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെക്ക് നം. 127/19.4.2018

ശ്രീമതി ഷൈനി പൊന്നമ്മ, കൊല്ലവിള വടക്കതിൽ, ഇളമ്പള്ളൂർ എന്ന പി.എം.എ.വൈ (ജി) ഭവന നിർമ്മാണ ഗുണഭോക്താവിന് ബ്ലോക്ക് സെക്രട്ടറിയുടെ 19.4.2018 ലെ എ2/1196/2017 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50,000/-രൂപ രണ്ടാം ഗഡുവായി, ചെക്ക് നം. 0127 മുഖേന 19.4.2018ന് അനുവദിച്ചു.

ഗുണഭോക്താവിന്റെ അപേക്ഷ, സ്റ്റേജ് സർട്ടിഫിക്കറ്റ്, ഹൗസിംഗ് ഓഫീസറുടെ ശുപാർശ, ഗുണഭോക്താവിന്റെ കൈപ്പറ്റ് രസീത് എന്നിവയിൽ 48,000/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കേരള ഗ്രാമീൺ ബാങ്കിന്റെ കണ്ണനല്ലൂർ ശാഖാ മാനേജരുടെ 09.02.2021 ലെ സാക്ഷ്യപത്രത്തിൽ 50,000/- രൂപ Utr no. KLGBH18113892503/23.04.2018 പ്രകാരം ടിയാരിയുടെ അക്കൗണ്ടിലേക്ക് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഗുണഭോക്താവിന് ആകെ അർഹമായ 3,84,000/- രൂപയ്ക്ക് പകരം 3,86,000/-രൂപ അനുവദിച്ചു നൽകി. 2,000/-രൂപ അധികം നൽകി. അധികം നൽകിയ 2,000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കി രേഖ ഹാജരാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 02.09.2019 | കെ.എസ്.എ.കെ.എൽ.എം.പി7.1245/2019<br>തീയതി 02.09.2019 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തൃക്കോവിൽവട്ടം | 2018-19 | 800000 | അങ്കണവാടി കെട്ടിട | 0 | 800000 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | | | നിർമ്മാണം നം.53 | | |
| കൊറ്റങ്കര ഗ്രാമപഞ്ചായത്ത് | 2018-19 | 500000 | അങ്കണവാടി കെട്ടിട നിർമ്മാണം നം.55 | 47657 | 452343 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ | ജി.ഒ.എം.എസ്.90/13 /എൽ.എസ്.ജി.ഡി /14.3.14 | 5401000 | 4901000 | 4741079 | | 159921 |

IAY ലോൺ തുകയ്ക്ക് ലഭിച്ച പലിശയായ 109/- രൂപ RP-32-ൽ വരവായി എടുത്ത് ടി തുക ഉൾപ്പെടെയുള്ള തുകയാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3(23) | 2001-02 | 1-12 | കൊയ്ത്ത് മെതിയന്ത്രം വാങ്ങിയത് പാഴ്ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| - | - | 2014-15 (വിഷയാധിഷ്ഠിത | 4.1.13 | 4,00,000/-രൂപ ചെലവിൽ വാങ്ങിയ 3 | |

| | | | | | |
|---|---|---|---|---|---|
| | | അവലോകന റിപ്പോർട്ട് ) | | നടീൽ യന്ത്രങ്ങൾ ആർക്കാണ് കൈമാറിയത് എന്നുള്ള വിവരം ലഭ്യമല്ല. | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രൂപ) | : | 14,23,61,962 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,28,29,166 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,98,58,438 |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2000/-രൂപ | ശ്രീ. എം. മനോഹരൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 71,500 | ശ്രീമതി. രാധാമണിയമ്മ, ശിശു വികസന ഓഫീസർ |
| 1-13 | 2,76,500 | ശ്രീമതി. അംബിക, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 1-15 | 2,2,20,500 | ശ്രീ. ജോർജ്ജ് അലോഷ്യസ്, സെക്രട്ടറി |
| 1-16 | 39,662 | ശ്രീ. വിമൽ ചന്ദ്രൻ. ആർ, സെക്രട്ടറി |
| 1-18 | 11,436 | ശ്രീ. ജോർജ്ജ് അലോഷ്യസ്, സെക്രട്ടറി |
| 1-19 | 25,49,913 | ശ്രീ. ജോർജ്ജ് അലോഷ്യസ്, സെക്രട്ടറി |
| | 96,68,285 | ശ്രീ. വിമൽ ചന്ദ്രൻ. ആർ, സെക്രട്ടറി |
| | 3,00,000 | ശ്രീമതി. ബ്ലെയ്സിമേരി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 47,01,417 | ശ്രീ. വിമൽ ചന്ദ്രൻ ആർ, സെക്രട്ടറി |
| 1-21 | 19,225 | ശ്രീ. വിമൽ ചന്ദ്രൻ ആർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മനോഹരൻ, സെക്രട്ടറി | സെക്രട്ടറി, മുഖത്തല ബ്ലോക്ക് | ഇലഞ്ഞിക്കൽ വടക്കതിൽ, തട്ടാരുകോണം, കാരംകോട്, കൊല്ലം. |
| ശ്രീമതി. രാധാമണിയമ്മ,<br>ശിശു വികസന ഓഫീസർ | ശിശു വികസന ഓഫീസർ<br>ഐ.സി.ഡി.എസ് ഓഫീസ്<br>മുഖത്തല | സങ്കീർത്തനം<br>മങ്ങാട് പി ഒ<br>കൊല്ലം |
| ശ്രീമതി. അംബിക,<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ,<br>മുഖത്തല ബ്ലോക്ക് | ത്രിവേണി<br>തട്ടാമല പി ഒ<br>കൊല്ലം |
| ശ്രീ. ജോർജ്ജ് അലോഷ്യസ്, സെക്രട്ടറി | സെക്രട്ടറി<br>മുഖത്തല ബ്ലോക്ക് | ഷീല ഭവൻ<br>മങ്ങാട് പി ഒ<br>കൊല്ലം |
| ശ്രീ. വിമൽ ചന്ദ്രൻ. ആർ, സെക്രട്ടറി | സെക്രട്ടറി<br>ചടയമംഗലം ബ്ലോക്ക് | വിമൽ വിഹാർ<br>ഇളമാട് പി ഒ<br>കൊല്ലം |
| ശ്രീമതി. ബ്ലെയ്സിമേരി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>മുഖത്തല ബ്ലോക്ക് | ഗ്രേസ്സ് ഡെയിൽ<br>റ്റി .ആർ.എ .66<br>മുണ്ടയ്ക്കൽ മിഡിൽ<br>കൊല്ലം -691001 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ,കെ,എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2000-01 | കെ.എസ്.എ,കെ,എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |

| | | |
|---|---|---|
| 2001-02 | കെ.എസ്.എ,കെ,എൽ.എം.പി6/176/18 തീയതി 07.02.2018 | 2 |
| 2004-05 | കെ.എസ്.എ,കെ,എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2005-06 | കെ.എസ്.എ,കെ,എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2006-07 | എൽ.എഫ്.ക്യു.ഡി.ബി 1376(1)/2014 തീയതി 23.06.14 | 7 |
| 2007-08 | എൽ.എഫ്.ക്യു.ഡി.ബി 1376(3)/2014 തീയതി 23.06.14 | 3 |
| 2008-09 | എൽ.എഫ്.ക്യു.ഡി.ബി 1376(1)/2014 തീയതി 23.06.14 | 12 |
| 2009-10 | എൽ.എഫ്.ക്യു.ഡി.ബി 1376(2)/2014 തീയതി 23.06.14 | 5 |
| 2010-11 & 2011-12 | എൽ.എഫ്.ക്യു.ഡി.ബി 1376(1)/2014 തീയതി 23.06.14 | 15 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി 366/16 തീയതി 31.03.16 | 22 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/1663/17 തീയതി 12.02.18 | 13 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി7/456/17 തീയതി 08.01.18 | 16 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി7/1952/17 തീയതി 20.03.18 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി7/1947/18 തീയതി 03.07.20 | 15 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ-കെ.എൽ.എം-പി7/1245/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി: 27.2.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള

പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം 2

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം